**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.567**

**29/06/2015 ൽ മറുപടിയ്ക്ക്**

## കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് അനുവദിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ .ഗുരുദാസൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് അനുവദിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് ഇതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) കേരളത്തിന്റെ ദീർഘകാലത്തെ ആവശ്യമായ കൊല്ലം ആസ്ഥാനമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്നാവശ്യപ്പെട്ടും കശുവണ്ടി വ്യവസായത്തിന്റെ സമഗ്ര വികസനത്തിനും സംരക്ഷണത്തിനും കാഷ്യൂബോർഡ് രൂപീകരണം അത്യന്താപേക്ഷിമാണെന്ന് ചൂണ്ടി ക്കാട്ടിയും ആസൂത്രണ കമ്മീഷൻ ഉപാദ്ധ്യക്ഷനും കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയ്ക്കും കത്തയച്ചിരുന്നു. |
| (ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും എന്തെങ്കിലും തീരുമാനം ഉണ്ടായിട്ടുണ്ടോ; വിശദ മാക്കുമോ ;<br>(സി) കാഷ്യൂ ബോർഡ് അനുവദി ക്കുന്നതിന് വേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന തുടർ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) & (സി) കേന്ദ്ര കൃഷിമന്ത്രാലയത്തിന് കീഴിലുള്ള വിവിധ ഏജൻസികൾ കശുമാവ് കൃഷിയുടെ കാര്യത്തിൽ അർത്ഥപൂർണ്ണമായ പുരോഗതി കൈവരിച്ചിട്ടുണ്ടെന്നും ആ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ ആന്റ് കൊക്കോ ഡവലപ്പ്മെന്റിനെ മറ്റൊരു ഏജൻസിയുമായും ലയിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെന്നും കശുവണ്ടി വ്യവസായ മേഖലയ്ക്കു തന്നെ കാഷ്യൂ ബോർഡിനോട് അനുഭാവപൂർണ്ണമായ സമീപനമല്ല ഉള്ളതെന്നും ആയതിനാൽ പ്രത്യേകമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം സ്വീകരിക്കുവാൻ കഴിയില്ല |

എന്നു കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി 25/02/2015 തീയതിയിലെ കത്തു മുഖാന്തിരം സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ